**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നം. ബി2 – 193/2021/സി.ഇ തീയതി : 17/05/2022**

വിഷയം:– ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം
1. 15/11/2021 ലെ സി.എം.സി.സി9/35/2021/സി.എം.സി.സി നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം. 111/2022/ഉ.പ.ഭ.വ തീയതി. 28/03/2022.

പരാമർശം (1), (2) എന്നിവ പ്രകാരം എല്ലാ ഓഫീസുകളിലും സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കണമെന്നും വകുപ്പ് മേധാവിയുടെ ഓഫീസിൽ വകുപ്പ് മേധാവിയുടെ തൊട്ട് താഴത്തെ തസ്തികയിലെ സീനിയർമോസ്റ്റ് ഓഫീസർ ചാർജ്ജ് ഓഫീസറുടെ ചുമതല നിർവ്വഹിക്കേണ്ടതാണെന്നും വിശദാംശങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശംപാലിച്ച് ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ കാര്യാലയത്തിലെ സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ.ഷാന്റി ജോസഫ്.പി യെ നിയമിക്കുന്നു. ടിയാൻ പരാമർശം (2) ൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ഷാന്റി ജോസഫ്.പി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

പകർപ്പ്: 1. ഐ.റ്റി.സെല്ലിന് തുടർ നടപടികൾക്കായി നൽകുന്നു.
2. വെബ് സൈറ്റിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh